പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 419

04.02.2014-ൽ മറുപടി നൽകേണ്ടത്

'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ' പ്രകാരം അനുവദിച്ച ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ഇ.പി. ജയരാജൻ<br>" എം. ചന്ദ്രൻ<br>" കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം ഉപഭോക്താക്കൾക്ക് അനുവദിച്ച ഭൂമി വിദൂര ജില്ലകളിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വിദൂര ജില്ലകളിൽ ഭൂമി ഇതുവരെ അനുവദിച്ചിട്ടില്ല. വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമി ലഭിക്കുന്നതിനനുസരിച്ച് സ്വന്തം വില്ലേജിൽ നിന്നോ സമീപ വില്ലേജുകളിൽ നിന്നോ അല്ലെങ്കിൽ സമീപ താലൂക്കിൽ നിന്നോ മാത്രമാണ് ഒന്നാം ഘട്ടമായി ഭൂമി അനുവദിച്ചു വരുന്നത്. |
| (ബി) ഇത്തരത്തിൽ അനുവദിച്ചു നൽകിയിട്ടുള്ള ഭൂമി ഉപഭോക്താക്കൾ ഉപയോഗിക്കാത്ത സാഹചര്യത്തിൽ അവ ഭൂമാഫിയകളുടെ കൈകളിൽ എത്തുമെന്ന കാര്യം അറിവുള്ളതാണോ ; | (ബി) ഭൂമി പതിവ് ചട്ടങ്ങൾ അനുശാസിക്കുന്ന നടപടികളും മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടാണ് "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015" പ്രകാരം പട്ടയം നൽകുന്നത്. ഭൂമി പതിവ് ചട്ടങ്ങളിൽ പുതുതായി പതിച്ച് കിട്ടുന്ന ഭൂമിയുടെ കൈമാറ്റത്തിന് 25 വർഷത്തെ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഭൂമി 25 വർഷത്തേക്ക് കൈമാറ്റം ചെയ്യുവാൻ സാധിക്കുകയില്ല. |

(സി) ഭൂരഹിതരായ ജനങ്ങൾക്ക് അവരുടെ ജില്ലകളിൽ തന്നെ ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗുണഭോക്താക്കൾക്ക് സ്വന്തം ജില്ലയിൽ തന്നെ അനുയോജ്യമായ ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് ഒന്നാം ഘട്ടത്തിൽ സ്വീകരിച്ചു വരുന്നത്.

(ഡി) കാസർഗോഡ് ജില്ലയിൽ ഇതിനായി 30,000 ലേറെ പ്ലോട്ടുകൾ കണ്ടെത്തിയിട്ടുള്ള കാര്യം അറിവുള്ളതാണോ;

(ഇ) ഇവയുടെ വിതരണം എപ്രകാരം ആയിരിക്കുമെന്ന് അറിയിക്കുമോ?

(ഡി) & (ഇ)

കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയിട്ടുള്ള 30,000-ലേറെ പ്ലോട്ടുകളിൽ നിന്ന് ഇതേ ജില്ലയിലെ തന്നെ ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽ തന്നെ ഏറ്റവും സൗകര്യ പ്രദമായ പ്ലോട്ടുകൾ നൽകുവാനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. അധികം വരുന്ന പ്ലോട്ടുകൾ കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഭൂമി സ്വീകരിക്കാൻ തയ്യാറാണെന്ന് സമ്മതപത്രം നൽകിയിട്ടുള്ള മറ്റ് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ